പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1800 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ക്ക് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ ലാഭകര മാക്കുമെന്ന പ്രകടനപത്രികയിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്ന തിന് സാധിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം എകദേശം 124 കോടി രൂപ (പ്രതിദിനം 413 ലക്ഷം രൂപ) ആയിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാരും കോർപ്പറേഷനും ചേർന്ന് വിവിധ സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഗുരുതരമായ സാമ്പത്തിക പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി, സർക്കാർ മുൻകൈയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിരുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടായി. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിത നിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും, തിരിച്ചടച്ചു വരുന്നു. ഇപ്രകാരം കൺസോർഷ്യം മുഖേന 2020 ജനുവരി മാസം വരെയുള്ള പെൻഷൻ നൽകികഴിഞ്ഞു. പെൻഷൻ ചെലവ് ഒഴിച്ച് നിറുത്തിയാൽ നിലവിലെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 42 കോടി (പ്രതിദിനം ശരാശരി 140 ലക്ഷം രൂപ) രൂപയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. നിലവിൽ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ശരിയല്ലേ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ മുൻകാലം മുതൽ സാമ്പത്തിക പ്രതിസന്ധി നിലനിന്നിരുന്നു. ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഉയർന്ന പലിശ നിരക്കിലും ഹ്രസ്വകാല തിരിച്ചടവ് കാലാവധിയിലും നിരവധി വായ്പകൾ കാലാകാലങ്ങളിൽ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നതായിരുന്നു ഈ പ്രതിസന്ധിക്ക് കാരണം. ഈ വായ്പകളുടെ തിരിച്ചടവ് കെ.എസ്.ആർ.ടി.സി.ക്ക് കനത്ത ബാധ്യതയായി മാറി.<br>നിലവിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസ സർക്കാർ ധനസഹായ |

| | | | |
|---|---|---|---|
| | | | വും കൊണ്ടാണ്. ഗ്രോസ്സ് ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ദൈനംദിന ചെലവുകൾ നടത്തിക്കഴിഞ്ഞ് ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് പ്രതിമാസം സ്വരുപിക്കാൻ കഴിയുന്നത്. സർക്കാർ നൽകുന്ന ധനസഹായവും ചേർത്ത് മാസാന്ത്യം ശരാശരി 51 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈയ്യിൽ ഉണ്ടാവുകയുള്ളൂ. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 20 വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്താണ് കഴിഞ്ഞ കുറെ മാസങ്ങളായി നെറ്റ് ശമ്പളവും വേതനവും നൽകി വരുന്നത്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തൊട്ടടുത്ത മാസത്തെ വരുമാനവും എടുത്താണ് ശമ്പള വിതരണം നടത്തി വരുന്നത്. |
| (സി) | 2019 ൽ കെ.എസ്.ആർ.ടി.സി. യ്ക്ക് സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായമെത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2019 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിലായി ആകെ 1014.155 കോടി രൂപ വായ്പാ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ഡി) | വൻ പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന് കാട്ടി പ്രത്യേക സാമ്പത്തിക സഹായം ആവശ്യപ്പെട്ട് കൊണ്ട് കെ.എസ്.ആർ.ടി.സി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. പരമാവധി ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**